C. ന്യൂനപക്ഷ വിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങളുടെ പുരോഗമനം :

11. ഗ്രാമീണ ഭവന പദ്ധതികളിൽ നിയമാനുസരണമായ പങ്ക്.

12. ന്യൂനപക്ഷ വിഭാഗങ്ങൾ അധിവസിക്കുന്ന ചേരിപ്രദേശങ്ങളുടെ ഉന്നമനം.

13. സാമുദായിക സംഘട്ടനങ്ങൾ തടയുന്നതിനുള്ള മുൻകരുതലുകൾ.

14. സാമുദായിക കുറ്റങ്ങൾക്കെതിരെയുള്ള ശിക്ഷണ നടപടികൾ.

15. സാമുദായിക സംഘട്ടനങ്ങളിൽ ഇരയായവരുടെ പുനരധിവാസം.

(ബി) ഈ ഇനത്തിൽ ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

(സി) ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) സച്ചാർ കമ്മീഷൻ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിൽനിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

(ഇ&എഫ്) ബാധകമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണനിർവ്വഹണം കാര്യക്ഷമമാക്കാൻ നടപടി

144 (436) ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ നൽകുന്നതിനുള്ള സംവിധാനം എന്നത്തേക്ക് പ്രാവർത്തികമാകും എന്ന് വെളിപ്പെടുത്തുമോ;

(സി) തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) കെട്ടിട നികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസുകൾ എന്നിവയുടെ വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകി തുക ഇ-പേമെന്റ് സംവിധാനത്തിലൂടെ അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. പതിനൊന്നാം പദ്ധതി കാലയളവിൽ വികേന്ദ്രീകൃതാസൂത്രണ പ്രോജക്ടുകളും പ്ലാനുകളും തുപീകരിക്കുന്നതും അംഗീകാരം നേടുന്നതും ചെലവു വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.

2. ജനന-മരണ വിവാഹ രജിസ്ട്രേഷൻ കമ്പ്യൂട്ടർവൽക്കരണം 99% സ്ഥലങ്ങളിലും പൂർത്തീകരിച്ചു. ജനങ്ങൾക്ക് സ്വവനം വേഗത്തിലാക്കാൻ ആശുപത്രികളിൽ ജനന മരണ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തി (82 തദ്ദേശസ്ഥാപനങ്ങളിലും കണ്ണൂർ കന്റോൺമെന്റിലുമായി 349 ആശുപത്രികളിൽ)

3. തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിവരുന്നു.

4. ആസ്തി രജിസ്റ്ററുകൾ കമ്പ്യൂട്ടർവൽക്കരിച്ചു.

5. സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരങ്ങൾ 90% സ്ഥലങ്ങളിലും കമ്പ്യൂട്ടർ വൽക്കരിച്ചു. ഇലക്ട്രോണിക് മണി ഓർഡർ (eMO)-യും ഉപയോഗിക്കുന്നുണ്ട്.

6. ഫ്രണ്ട് ഓഫീസിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലായിവരുന്നു.

7. വസ്തു നികുതി കമ്പ്യൂട്ടർവൽക്കരണം ചില സ്ഥലങ്ങളിൽ പൂർത്തീകരിച്ച് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഡാറ്റാ എൻട്രി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതും മറ്റു വരുമാന സ്രോതസ്സുകളിലും എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരിക്കും.

8. അക്കൗണ്ടിംഗ് എല്ലാ നഗരസഭകളിലും ഡബിൾ എൻട്രി കമ്പ്യൂട്ടർ വൽക്കൃത സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. പഞ്ചായത്തുകളിലും ഇത് ഉടൻ നടപ്പിലാക്കും.

(ബി) ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ഇപ്പോൾ ലഭ്യമാണ്. (www.cr.lsgkerala.gov.in)

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കേണ്ട സേവനങ്ങൾ കമ്പ്യൂട്ടർവൽക്കരണത്തിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള വിവിധ സോഫ്ട്വെയറുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ച് പ്രവർത്തനം നടത്തി വരുന്നു.

പ്രധാന സോഫ്ട്വെയറുകളുടെ 30-11-2010 വരെയുള്ള വിന്യാസം താഴെപ്പറയുന്ന രീതിയിലാണ്:

LIBRARY ARCHIVES Kerala Legislative Assembly

1. സുലേഖ-പദ്ധതി രൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും.

2. സേവന-ജനന-മരണ-വിവാഹ രജിസ്ട്രേഷൻ-എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വിന്യസിച്ചു. ജനന-മരണ രജിസ്ട്രേഷൻ എല്ലാ നഗരസഭകളിലും 967 ഗ്രാമപഞ്ചായത്തുകളിലും ഉപയോഗിച്ചുവരുന്നു.

3. സേവന പെൻഷൻ-സമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണത്തിന്-എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വിന്യസിച്ചു. 65 നഗരസഭകളിലും 929 ഗ്രാമപഞ്ചായത്തുകളിലും ഉപയോഗിച്ചുവരുന്നു.

4. സൂചിക-ഫയലുകളുടെ തൽസ്ഥിതി അറിയുന്നതിന്- 880 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചു. 152 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉപയോഗിച്ചുവരുന്നു.

5. സംവേദിത-തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ വെബ്സൈറ്റ് (www.lsg.kerala.gov.in) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഉപയോഗിച്ചുവരുന്നു.

6. സചിത്ര കഡസ്ട്രൽ മാപ്പുകൾ- 829 തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാപ്പുകൾ ഡിജിറ്റൈസ് ചെയ്ത് ലഭ്യമാണ്.

7. സഞ്ചയ-അസസ്മെന്റ് രജിസ്റ്ററുകളുടെ കമ്പ്യൂട്ടർവൽക്കരണം- 8 തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 32 സ്ഥലങ്ങളിൽ പ്രവർത്തനം നടന്നുവരുന്നു.

8. സേവന സിവിൽ രജിസ്ട്രേഷൻ ഹോസ്പിറ്റൽ കിയോസ്ക്-ആശുപത്രികളിൽ നിന്നും ഓൺലൈൻ ആയി ജനന-മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്- 82 ഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്.

9. സ്ഥാപന-ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിന്- എല്ലാ നഗരസഭകളിലും 956 ഗ്രാമപഞ്ചായത്തുകളിലും ഉപയോഗിച്ചുവരുന്നു.

10. സകർമ്മ-ഔദ്യോഗിക തീരുമാനങ്ങൾ-കൗൺസിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സോഫ്ട്വെയർ. 5 നഗരസഭകളിലും ഒരു ഗ്രാമപഞ്ചായത്തിലും വിന്യസിച്ചിട്ടുണ്ട്.

(ഡി) കെട്ടിട നികുതി വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly